മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഹെൽത്ത് സർവ്വീസിൽ ഒന്ന് - മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഹെൽത്ത് സർവ്വീസിൽ അനുവദിച്ച തസ്തികയിലേയ്ക്ക് കരാർ/ താൽക്കാലിക വ്യവസ്ഥയിൽ ആളുകളെ നിയമിച്ചിട്ടില്ല. മെഡിക്കൽ എഡ്യൂ ക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) നടപടി കൈക്കൊള്ളുന്നതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ജോലിയിൽ സ്ഥിരപ്പെടുത്തൽ

48 (637) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9 വർഷത്തിൽ കൂടുതൽ തുടർച്ചയായ താൽക്കാലിക സർവ്വീസുള്ളവരും ഇപ്പോൾ ജോലിയില്ലാത്തവരുമായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷകരിൽ കൂടുതലും പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞവരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

49 (638) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പി.എച്ച്.സെന്ററുകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ പി.എസ്.സി.ലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly